പയ്യന്നൂർ നഗരസഭ

പതിനാലാം പഞ്ചവൽസര പദ്ധതി
ജനകീയാസൂത്രണം 2022–27

2026–27 വാർഷീക പദ്ധതി

അന്തിമ പദ്ധതി രേഖ

(2026–27)



ആമുഖം

മാന്യരെ,

ഭരണഘടനയുടെ 73,74 ഭേദഗതിയെ തുടർന്ന് അധികാരം സാധാരണ ജനങ്ങളിലേക്ക് എത്തുന്ന രീതിയിൽ ആരംഭിച്ച ജനകീയ ആസൂത്രണ പ്രസ്ഥാനം 25 വർഷം പൂർത്തിയാകുന്ന വേളയിലാണ് പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിച്ചത്. പതിനാലാം പഞ്ചവത്സ പദ്ധതിയുടെ അവസാന വർഷമായ 2026-27 വർഷത്തെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 46 വാർഡ് സഭകളും നല്ല പങ്കാളിത്തത്തോടെ നടത്താനായിട്ടുണ്ട് എല്ലാ വാർഡ് സഭകളിലും കരട് പദ്ധതി നിർദ്ദേശങ്ങൾ സജീവ ചർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. ഇതിനെല്ലാം പുറമേ വിളിച്ചു ചേർക്കപ്പെട്ട സ്പെഷ്യൽ വാർഡ് സഭയോഗങ്ങളിൽ ഉണ്ടായ നല്ല പങ്കാളിത്തവും നിർദ്ദേശങ്ങളും ഈ പ്രവർത്തനത്തിലെ വെള്ളിരേഖയായി മാറുകയുണ്ടായി. ഓരോ വിഭാഗവും അവരുടെ പ്രശ്നങ്ങൾ സജീവമായി ചർച്ച ചെയ്യുകയും വികസന നിർദേശങ്ങൾ മുന്നോട്ടുവെക്കുകയും ചെയ്തു. അതെല്ലാം സ്വരുക്കൂട്ടിയപ്പോൾ അത് വാർഷിക പദ്ധതി രൂപീകരണത്തിന് സഹായകമാവുകയും ചെയ്തു. പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്ന പൊതുമുൻഗണനകൾ ഉൾപ്പെടുന്ന പദ്ധതികൾ പരമാവധി ഉൾപ്പെടുത്തുന്നതിന് ശ്രമിച്ചിട്ടുണ്ട് അനിവാര്യമായ പദ്ധതികൾ ഉൾപ്പെടുത്തിയും ഏറ്റവും പ്രസക്തമായ പദ്ധതികൾ മാത്രം തിരഞ്ഞെടുത്തും തയ്യാറാക്കിയ ഈ അന്തിമ പദ്ധതി രേഖ പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. വികസന സെമിനാറിന്റെ ശുപാർശകൾ കൂടി പരിഗണിച്ചാണ് വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട് നഗരസഭ അന്തിമ പദ്ധതിക്ക് രൂപം നൽകിയത്. പദ്ധതി പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തവും സുതാര്യതയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. പദ്ധതി രൂപീകരണ പ്രവർത്ത നങ്ങളുമായി സഹകരിച്ച ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ , ജീവനക്കാർ എന്നിവർക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
അഡ്വ. സരിൻ ശശി
ചെയർപേഴ്സൺ പയ്യന്നൂർ നഗരസഭ

പയ്യന്നൂർ
17-02-2026

നഗരസഭയുടെ പൊതുവിവരം

പേര്	:	പയ്യന്നൂർ നഗരസഭ
വില്ലേജുകൾ	:	പയ്യന്നൂർ, വെള്ളൂർ, കോറോം
അസംബ്ലി മണ്ഡലം	:	പയ്യന്നൂർ
ലോകസഭാ മണ്ഡലം	:	കാസർഗോഡ്
ജില്ല	:	കണ്ണൂർ
താലൂക്ക്	:	പയ്യന്നൂർ
വിസ്തീർണ്ണം	:	54.63 ച.കി.മി.
വാർഡുകൾ	:	46
അതിരുകൾ	:	
കിഴക്ക്	:	കടന്നപ്പള്ളി- പാണപ്പുഴ ഗ്രാമപഞ്ചായത്ത്, എരമം - കുറ്റൂർ ഗ്രാമപഞ്ചായത്ത്
തെക്ക്	:	രാമന്തളി ഗ്രാമപഞ്ചായത്ത്, ചെറുതാഴം ഗ്രാമപഞ്ചായത്ത് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്
വടക്ക്	:	കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത്, കാങ്കോൽ-ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത്, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	:	തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്,വലിയപറമ്പ് ഗ്രാമപഞ്ചായത്ത്
അക്ഷാംശം	:	12.18° വടക്ക്
രേഖാംശം	:	75.19° കിഴക്ക്
ജനസംഖ്യ	:	72131
പുരുഷൻ	:	33432 (2011 സെൻസസ്)
സ്ത്രീ	:	38699 (2011 സെൻസസ്)
ട്രാൻസ്ജെൻഡർ	:	4(എസ്.ഇ.സി.സി)
പട്ടികജാതി	:	3643
പട്ടികവർഗ്ഗം	:	-
ആകെ വീടുകൾ	:	16844
മുൻസിപ്പൽ ആസ്ഥാനം:		പയ്യന്നൂർ

പയ്യന്നൂർ നഗരസഭ ജനപ്രതിനിധികൾ

ക്രമ നം.	പേര്	വഹിക്കുന്ന സ്ഥാനം	വാർഡ്	മൊബൈൽ നം.
1	അഡ്വ. സരിൻ ശശി	ചെയർമാൻ	45- പുതിയങ്കാവ്	9744262136
2	പി. ശ്യാമള	വൈസ് ചെയർമാൻ	23. കണ്ടങ്കാളി സൗത്ത്	9447685357
3	എം. രാമകൃഷ്ണൻ	ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	8- മുതിയലം	9847711834
4	കെ സീമ ടീച്ചർ	ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	39-അന്നൂർ സൗത്ത്	9495649739
5	വി.പി. മോഹനൻ മാസ്റ്റർ	ചെയർമാൻ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	5- പങ്ങടം	9447880089
6	എം പ്രദീപൻ	ചെയർമാൻ, വിദ്യാഭ്യാസ, കലാ-കായികം സ്റ്റാന്റിംഗ് കമ്മിറ്റി	27- ടെമ്പിൾ വാർഡ്	9744174270
7	ടി.വി.ഷീബ	ചെയർമാൻ, പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	24-പുഞ്ചക്കാട്	9496637315
8	ഒ. സുമതി	കൌൺസിലർ	1-കണിയേരി	8301817232
9	സി. ചന്ദ്രൻ മാസ്റ്റർ	കൌൺസിലർ	2- കിഴക്കുമ്പാട്	9446304426
10	കെ.വി. ജ്യോതി	കൌൺസിലർ	3- വെള്ളൂർ ഈസ്റ്റ്	9400580232
11	ശ്രീജ	കൌൺസിലർ	4- ഏച്ചിലാംവയൽ	9656948464
12	അഖിൽ തറമ്മൽ	കൌൺസിലർ	6- കോറോം നോർത്ത്	9895067811
13	കെ.പി. മധു	കൌൺസിലർ	7- കോറോം സെൻട്രൽ	9446667970
14	എസ്.വി. രമേശൻ	കൌൺസിലർ	9- കാനായി നോർത്ത്	9847675991
15	സീത	കൌൺസിലർ	10- മണിയറ	9847680270
16	സുരേഷ് പി	കൌൺസിലർ	11- കാനായി സൗത്ത്	9961336202
17	റീന എൻ.പി	കൌൺസിലർ	12- മുത്തത്തി	8281866235
18	എൻ.വി. രാജൻ	കൌൺസിലർ	13- പരവന്തട്ട	9744665654
19	എം. തമ്പാൻ	കൌൺസിലർ	14 - കോറോം സൗത്ത്	9495416747
20	കെ.വി.മനോജ്കുമാർ	കൌൺസിലർ	15- കണ്ടോത്ത് സെൻട്രൽ	9496854040
21	എ. സവിത	കൌൺസിലർ	16- കണ്ടോത്ത്	9995739290
22	വി.കെ.പി. മുഹമ്മദ് ഇസ്മയിൽ	കൌൺസിലർ	17- പെരുമ്പ	9895290261
23	ടി.വി. രജിത	കൌൺസിലർ	18- ഹോസ്പിറ്റൽ	9947296797
24	ദിനൂപ് പി.കെ	കൌൺസിലർ	19- കൊക്കാനിശ്ശേരി	9947508095
25	ശ്രീജ എ.കെ	കൌൺസിലർ	20- ടൗൺ വാർഡ്	9400904633

ക്രമ നം.	പേര്	വഹിക്കുന്ന സ്ഥാനം	വാർഡ്	മൊബൈൽ നം.
26	പി. രജിത	കൌൺസിലർ	21- മാവിച്ചേരി	9562929230
27	പ്രസീത പി.കെ	കൌൺസിലർ	22- കണ്ടങ്കാളി നോർത്ത്	9400780304
28	രാധ	കൌൺസിലർ	25- തെക്കേ മമ്പലം	9526511450
29	സുമ എൻ.വി	കൌൺസിലർ	26- മുച്ചിലോട്ട് പടോളി	9744395792
30	ദിവ്യ കരിപ്പത്ത്	കൌൺസിലർ	28- ഗ്രാമം ഈസ്റ്റ്	9400769266
31	നിഖിൽ കെ.സി.	കൌൺസിലർ	29-കേളോത്ത് സൗത്ത്	9656905837
32	കെ വി. മോഹനൻ	കൌൺസിലർ	30- മമ്പലം തെരു	9446863840
33	ഷെരീഫ് ടി.പി.	കൌൺസിലർ	31- കൊറ്റി	9847628285
34	ഫായിസ് കവ്വായി	കൌൺസിലർ	32-കവ്വായി	9895602720
35	നസീമ ടീച്ചർ	കൌൺസിലർ	33- കവ്വായി നോർത്ത്	8129044924
36	സുനിത	കൌൺസിലർ	34- കേളോത്ത് നോർത്ത്	9747120503
37	ഫർസാന എം എസ്	കൌൺസിലർ	35- തായിനേരി വെസ്റ്റ്	9746244048
38	വൈശാഖ്.സി	കൌൺസിലർ	36- കാര	9747598317
39	പൊത്തേര കൃഷ്ണൻ	കൌൺസിലർ	37- തായിനേരി ഈസ്റ്റ്	9446675009
40	നിമ്യ കെ.വി	കൌൺസിലർ	38- മുച്ചിലോട്ട്	9539274475
41	പ്രീതി രാജേഷ്	കൌൺസിലർ	40 - കോത്തായിമുക്ക്	9497696658
42	ആശ പി	കൌൺസിലർ	41 - അന്നൂർ ഈസ്റ്റ്	9847943917
43	ശ്രീകല സി	കൌൺസിലർ	42 - ശാന്തിഗ്രാമം	7306015613
44	കെ.വി.റീത്ത	കൌൺസിലർ	43 - അന്നൂർ വെസ്റ്റ്	9961724420
45	ടി ദാക്ഷായണി	കൌൺസിലർ	44 - കാറമേൽ	9961173972

ആസൂത്രണസമിതി അംഗങ്ങളുടെ വിവരങ്ങൾ

ക്രമ നം.	പേരും വിലാസവും	ആസൂത്രണ സമിതിയിലെ സ്ഥാനം	ഉൾപ്പെടുന്ന വിഭാഗം
1	സരിൻ ശശി	അധ്യക്ഷൻ	ചെയർപേഴ്സൺ, പയ്യന്നൂർ നഗരസഭ
2	വി.പി.സന്തോഷ് കുമാർ, റിട്ട. സീനിയർ സൂപ്രണ്ട്, അന്നൂർ	ഉപാധ്യക്ഷൻ	വിദഗ്ധൻ
3	പി.ശ്യാമള	അംഗം	വൈസ് ചെയർപേഴ്സൺ, പയ്യന്നൂർ നഗരസഭ
4	എം.രാമകൃഷ്ണൻ	അംഗം	ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5	കെ.സീമ ടീച്ചർ	അംഗം	ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
6	വി.പി.മോഹനൻ മാസ്റ്റർ	അംഗം	ചെയർമാൻ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
7	എം.പ്രദീപൻ	അംഗം	ചെയർമാൻ, വിദ്യാഭ്യാസ കലാ കായിക സ്റ്റാന്റിംഗ് കമ്മിറ്റി
8	ടി.വി.ഷീബ	അംഗം	ചെയർമാൻ, പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
9	എം.കെ.ഗിരീഷ്	കൺവീനർ	സെക്രട്ടറി, പയ്യന്നൂർ നഗരസഭ
10	ഡോ.അനീഷ് കുമാർ.കെ.പി	അംഗം	വിദഗ്ധൻ
11	ഇ.ശശിധരൻ	അംഗം	വിദഗ്ധൻ
12	ടി.വി.ഗംഗാധരൻ	അംഗം	വിദഗ്ധൻ
13	എ.മുകുന്ദൻ	അംഗം	വിദഗ്ധൻ
14	ശിവകുമാർ.കെ	അംഗം	വിദഗ്ധൻ
15	അബ്ദുൾ ഖാദർ.എൻ	അംഗം	വിദഗ്ധൻ
16	കെ.വി.ബാബു	അംഗം	വിദഗ്ധൻ

അദ്ധ്യായം 1

വികസന സ്ഥിതി അവസ്ഥാ വിശകലനം
പ്രകൃതി വിഭവങ്ങൾ

കോരോം, പയ്യന്നൂർ, വെള്ളൂർ എന്നി മൂന്ന് വില്ലേജുകൾ ഉൾപ്പെടുന്നതാണ് പയ്യന്നൂർ നഗരസഭ. ഭൂപ്രകൃതിക്കനുസരിച്ച് ചെങ്കൽ കുന്നുകൾ, സമതല പ്രദേശം, പുഴയോരവും ചതുപ്പുകളും, കായലുകളും എന്നിങ്ങനെ നഗരസഭയെ മൂന്ന് മേഖലകളായി തരം തിരിക്കാം. കുന്നുകൾ. കോരോം വില്ലേജ്, വെള്ളൂർ വില്ലേജിന്റെ ചിലഭാഗങ്ങൾ എന്നിവിടങ്ങളിൽ ചെങ്കൽ കുന്നുകൾ കാണപ്പെടുന്നു. അന്നൂർ പടിഞ്ഞാറ് കണിയേരി ഭാഗങ്ങളിൽ ചുവന്ന പശിമരാശി മണ്ണും, ഇവയൊഴികെയുള്ള പ്രദേശങ്ങളിൽ പയ്യന്നൂർ വില്ലേജ് ഉൾപ്പെടെ എക്കൽ മണ്ണുമാണ് പൊതുവേ ഉള്ളത്. കോരോം വില്ലേജിലെ ചെങ്കൽ കുന്നുകൾ നശിപ്പിക്കപ്പെട്ടു. പ്രദേശത്തിന്റെ ജൈവ വൈവിദ്യത്തിനും ഐശ്വര്യത്തിനും നിദാനമായ പാറക്കെട്ടുകളിലെ മേൽ മണ്ണ്, മറ്റ് ജൈവ വസ്തുക്കളും നശിപ്പിക്കപ്പെടാതെ സംരക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യമാണ്.

ചതുപ്പ് നിലങ്ങൾ ഉൾപ്പെടെ മണ്ണിട്ട് നികത്തുന്നതിനായി വ്യാപകമായി കുന്നുകൾ ഇടിച്ചു നശിപ്പിക്കുന്ന രീതി നിലനിൽക്കുന്നു. കുന്നുകൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ ജന പിന്തുണയോടെ നടപ്പാക്കേണ്ടതുണ്ട്. അതോടൊപ്പം കുന്നുകൾ ഇടിച്ചുള്ള മണ്ണ്, വയലുകളും, തണ്ണീർ തടങ്ങളും നികത്തുന്നതിനായി ഉപയോഗിക്കുന്നത് ഇരട്ടി ആഘാതമാണ്. കുന്നിൻ ചെരുവുകളിൽ തെങ്ങ് കവുങ്ങ്, കുരുമുളക്, റബ്ബർ എന്നിവ കൃഷി ചെയ്ത് വരുന്നുണ്ട്. വയലുകളെയും, പറമ്പുകളെയും പരിപോഷിപ്പിക്കുന്ന ചെറുതും വലുതുമായ 23 ഓളം ജലനിർഗമന തോടുകൾ, 10 സെന്റ് മുതൽ ഒന്നര ഏക്കർ വരെ വിസ്തൃതിയുള്ള 31 കുളങ്ങളും മറ്റു ചെറുകുളങ്ങളും നഗരസഭയിലെ ജലസ്രോതസ്സുകൾ ആണ്.

പാരിസ്ഥിതിക സവിശേഷതകൾ

കോരോം വില്ലേജിലുള്ള പ്രകൃതിയുടെ കൂനുകൾ എന്നറിയപ്പെടുന്ന ചെങ്കൽ കുന്നുകൾ സമതലങ്ങളിലേക്കും താഴ്വാരങ്ങളിലേക്കും ഉള്ള ജലസ്രോതസ്സുകൾ ആണ് . നിലക്കാത്ത നിരുറവകൾ ഉള്ള കാനായി കാനം ഉൾപ്പെടെയുള്ള കാനങ്ങൾ, കണ്ടൽക്കാടുകളാൽ അതിരിടുന്ന പുഴയോരം സമതലപ്രദേശങ്ങളിലെ കാവുകൾ, പച്ചത്തുരുത്തുകൾ എന്നിവ നഗരസഭയുടെ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് ഇപ്പോഴും സഹായകമായി വർത്തിക്കുന്നു.

ചിറ്റാരിക്കൊവ്വൽ, അന്നൂർ പടിഞ്ഞാറേക്കര, കവ്വായി പുഴയോരം പെരുമ്പ പാലത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള പുഴയോര ചതുപ്പുകൾ എന്നിവിടങ്ങൾ കണ്ടൽക്കാടുകൾ കൊണ്ട് സമൃദ്ധമാണ് ജൈവവൈവിധ്യങ്ങൾ നിലനിൽക്കുന്ന തണ്ണീർ തടങ്ങളും, കണ്ടൽ ചെടികളും അനുബന്ധ സസ്യങ്ങളും ഉൾക്കൊള്ളുന്ന ഈ പ്രദേശങ്ങൾ ചെമ്മീൻ, ഞണ്ട് വിവിധതരം മത്സ്യങ്ങൾ എന്നിവയുടെ പ്രജനന കേന്ദ്രങ്ങൾ കൂടിയാണ്.

കണ്ടൽക്കാടുകൾ വച്ചു പിടിപ്പിക്കുകയും നിലവിൽ ചെറിയതോതിൽ എങ്കിലും കാണപ്പെടുന്ന നശീകരണ പ്രവണതകളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വെള്ളൂർ, കാറമേൽ, കോരോം, കാപ്പാട്, കവ്വായി കായലിന്റെ കിഴക്ക് ഭാഗം എന്നിവിടങ്ങളിൽ വേലിയിറക്ക സമയത്ത് കാണപ്പെടുന്ന മണൽ തിട്ടകൾ നീർത്തട പക്ഷികളുടെയും

കാക്കകളുടെയും സങ്കേതമാണ്.

കാവുകൾ

നാല് ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന വെള്ളൂർ ചാമക്കാവ് തറവാടുകളോടും ക്ഷേത്രങ്ങളോടും ചേർന്ന് നിൽക്കുന്ന കൊച്ചു കൊച്ചു കാവുകൾ എന്നീ ജൈവവൈവിധ്യങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങൾ സംരക്ഷിച്ച് നിലനിർത്തേണ്ടതുണ്ട്. കാവുകളുടെ ജൈവവൈവിധ്യങ്ങൾ ഏക്കാലത്തേക്കുമുള്ള ഈട്വെപ്പായി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ജൈവ വൈവിധ്യ ബോർഡിൽ നിന്നും വെള്ളൂർ ചാമക്കാവിന്റെ സംരക്ഷണത്തിന് 838588 അനുവദിക്കപ്പെട്ടിട്ടുണ്ട്.

പ്രകൃതി സംരക്ഷണം ലക്ഷ്യമിട്ടുള്ള ജൈവവൈവിദ്ധ്യ മാനേജ്മെന്റ് , കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പും, പ്രാദേശിക ജൈവവൈവിദ്യ മാനേജ്മെന്റ് കമ്മിറ്റിയും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുണ്ട്.

പൊതുഭരണം

ആദ്യകാലത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന നഗരസഭ ഓഫീസ് വിവിധ ഉദ്ദേശങ്ങൾക്കായി നിർമ്മിച്ച കെട്ടിടത്തിലാണ് ഇപ്പോൾ പ്രവൃത്തിച്ച് വരുന്നത്. നഗരസഭാ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി. ഓഫീസ് പ്രവർത്തനം പൊതു ജനങ്ങൾക്ക് സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ച ഹെൽപ്പ് ഡസ്ക്ക് പരാതിക്കിടയില്ലാത്ത വിധം നടന്നുവരുന്നു. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ജനന മരണ സർട്ടിഫിക്കറ്റുകൾ, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ സേവനങ്ങളും കെ-സ്മാർട്ടിലൂടെ 01/01/2024 മുതൽ ഓൺലൈനായി ചെയ്തുവരുന്നു. കെ-സ്മാർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡിജി കേരള ഇ-സാക്ഷരത പ്രവർത്തനങ്ങളിലൂടെ പയ്യന്നൂർ സമ്പൂർണ്ണ ഡിജിറ്റൽ നഗരസഭയാക്കി തിർക്കുന്നതിന് സാധിച്ചു. നികുതികളും ഫീസുകളും ഓൺലൈൻതന്നെ അടക്കാൻ കെ-സ്മാർട്ടിലൂടെ സാധിക്കും. ഇത്തരം സൗകര്യങ്ങൾ സ്വന്തം മൊബൈൽ ഫോണിലൂടെ തന്നെ നമുക്ക് സാധിക്കുന്നതാണ്. പയ്യന്നൂർ നഗരസഭയ്ക്ക് പുതിയ ഓഫീസ് നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തി കെട്ടിട നിർമ്മാണത്തിന് പദ്ധതി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കൃഷി, അനുബന്ധ മേഖലകൾ

ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് നഗരസഭയ്ക്കകത്ത് ഒന്നും രണ്ടും വിളകൾക്ക് കൃഷി ചെയ്തിരുന്ന 430 ഹെക്ടർ കൃഷിയുടെ വിസ്തൃതി പിന്നീട് 389 ഹെക്ടർ ആയിചുരുങ്ങി. തരിശുഭൂമി കൃഷിയോഗ്യ മാക്കുകവഴി 25 ഹെക്ടറോളം നെൽകൃഷി ചെയ്യുന്നതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഒന്നും രണ്ടും വിളകളുടെ സ്ഥാനത്ത് ഒറ്റവിളയിലേക്ക് ചുരുങ്ങിപ്പോയ സ്ഥിതിയും നിലവിലുണ്ട്. 1996-97 കാലത്തുണ്ടായിരുന്ന ഉത്പാദനത്തിൽ നിന്ന് ആധുനിക കൃഷി സമ്പ്രദായത്തിലൂടെ 130 മെട്രിക് ടെൺ നെല്ല് അധികമായി ഉത്പാദിപ്പിക്കുന്നതിന് കഴിയുന്നുണ്ട്.

നഗരസഭയുടെ നിരന്തരമായ ഇടപെടലിലൂടെ പച്ചക്കറി ഉൽപ്പാദന രംഗത്തും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞകാല പദ്ധതി പ്രവർത്തനങ്ങളിലൂടെ തെങ്ങ് കവുങ്ങ് മറ്റ് ഇടവളകൾ എന്നിവയിൽ ഉത്പാദന വർദ്ധനവ് നേടിയെടുക്കുന്നതിന് സാധ്യമായിട്ടുണ്ട്. 16 പാടശേഖര സമിതികൾ കർഷകരെ സഹായിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ഒട്ടേറെ പുതിയങ്കാവ് കുളം, മൊയച്ചേരി കുളം, വണ്ണാത്തിക്കുളം, പള്ളിക്ക് താഴെ കുളം, അന്നൂർ വയലിലലെ കുളം എന്നീ കുളങ്ങൾ നവീകരിച്ചു സംരക്ഷിച്ചു.

കല്ലംകുളം, കണ്ണംകുളം, ആശാരി കുളം,മുതിയലം രാമൻ കുളം, കാനായി പുതിയ കുളം,

കണ്ണംകുളം, കുത്തക്കീൽ കുളം, പാടിവയൽകുളം, പെരുംകുളം എന്നിവ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാർഷിക മേഖലയിൽ നിലനിൽക്കുന്ന തൊഴിലാളിക്ഷാമം യന്ത്രവൽക്കരണത്തിലൂടെ പരിഹാരിക്കപ്പെടേണ്ടതുണ്ട്. രാസവളങ്ങളുടെ വർദ്ധിച്ച വില കാർഷിക മേഖലയെ സാരമായി ബാധിക്കുന്ന പ്രശ്നമാണ്. അതുപോലെ സംഭരണ വിതരണ സംവിധാനങ്ങളുടെ കുറവുകൾ പരിഹരിക്കപ്പെടേണ്ടവയാണ്. കാർഷീക കർമ്മ സേനകൾരൂപീകരിച്ച് പരിശീലനം നൽകി കർഷകരെ സഹായിക്കുന്നതിന് ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്.

മൃഗസംരക്ഷണം

ജനകീയാസൂത്രണ പദ്ധതി ആരംഭിക്കുന്ന സമയത്ത് ഉണ്ടായിരുന്ന ക്ഷീര കർഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. എന്നാൽ പാൽ ഉത്പാദനത്തിൽ വർദ്ധനവ് സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പാലുൽപാദനത്തിൽ സ്വയം പര്യാപ്തത നേടിയെടുക്കുക എന്ന ലക്ഷ്യം പൂർണ്ണതയിൽ എത്തിക്കാൻ ഇനിയും നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ട്. ഉൽപാദനക്ഷമതയുള്ള സങ്കര ഇനം പശുക്കളെ വളർത്തുന്നതിലൂടെ ഒരു പരിധിവരെ ഈ ലക്ഷ്യത്തിലേക്ക് എത്താൻ സാധിച്ചിട്ടുണ്ട്. കോഴി വളർത്തു കേന്ദ്രങ്ങൾ വ്യാപകമായി സംരംഭക രൂപത്തിൽ പ്രവർത്തിക്കുന്നത് മുട്ടയും ഇറച്ചിയും പ്രാദേശികമായി തന്നെ ലഭിക്കുന്നത് സഹായകമാണ്.

ക്ഷീരസംഭരണ വിതരണ രംഗത്ത് 3 സഹകരണസ്ഥാപനങ്ങളും ചാരിറ്റബിൾ സൊസൈറ്റിയും പ്രവർത്തിച്ചുവരുന്നു. പാൽ മുട്ട ഇറച്ചി എന്നിവയുടെ ഉൽപാദനം സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് നഗരസഭ ഊന്നൽ നൽകുന്നു.

മത്സ്യബന്ധനം

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ 175 ഓളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ മത്സ്യബന്ധനം, മത്സ്യ വില്പന എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവന്നിരുന്നു. ജനകീയ ആസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുവെക്കുന്നതിനും അവരുടെ വിദ്യാർഥികളായ മക്കൾക്ക് പഠന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിൽ വരുത്തുകയുണ്ടായി. ശുദ്ധജല, ഓരു ജല മത്സ്യകൃഷി, കല്ലുമ്മക്കായ കൃഷി, കൂടുകൃഷി എന്നിവയ്ക്ക് ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുകയുണ്ടായി. കുളം നിർമ്മിച്ച് മത്സ്യം വളർത്തുന്നവരുടെ വിപണന സാധ്യതയുടെ കുറവ് ഒട്ടേറെ ആളുകൾ ഈ മേഖലയിൽ നിന്നു പിന്നോട്ട് പോകാൻ കാരണമായിട്ടുണ്ട്. ഉൾനാടൻ മത്സ്യബന്ധനത്തിന് ആവശ്യമായ വള്ളം, വല എന്നിവയുടെ അഭാവം കർഷകരെ ബാധിക്കുന്നുണ്ട്.

പ്രാദേശിക സാമ്പത്തിക വികസനം

ചെറുകിട വ്യവസായങ്ങളുടെ ഉൽപ്പന്ന വിപണന സാധ്യതകൾ ഉയർത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്താൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത കൂടിൽ വ്യവസായങ്ങൾ ഏറെക്കുറെ നിന്നു പോയ സ്ഥിതിയാണുള്ളത്. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നതിലൂടെ പുതിയ സംരംഭകർ തയ്യാറായി വരുന്നുണ്ട്. ചെറുകിട സംരഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നഗരസഭ ഏറ്റെടുത്ത് നടത്തിവരുന്നു. സംസ്ഥാന സർക്കാർ ഏറെ ശ്രദ്ധയോടെ നടപ്പിലാക്കുന്ന സംരംഭക

പ്രോത്സാഹന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് അഭ്യസ്ഥവിദ്യരും നൈപുണ്യമുള്ളവരുമായ മുഴുവൻആൾക്കാരെയു പരിഗണിച്ചുളഅള പദ്ധതികൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്. വർക്ക് നിയർ ഹോം-കോ വർക്കിഗ് സെന്റർ പോലുള്ള പദ്ധതികൾ നഗരസഭ ആവിഷ്കരിച്ചിട്ടുണ്ട്.

ക്ഷേമ പ്രവർത്തനങ്ങൾ

വനിതകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും സംരക്ഷണത്തിനായി ഒട്ടേറെ പദ്ധതികൾ കഴിഞ്ഞകാലങ്ങളിൽ നടപ്പിലാക്കുകയുണ്ടായി. പദ്ധതി വിഹിതമായി ലഭിക്കുന്ന സംഖ്യയുടെ 10% ത്തിൽ കുറയാത്ത തുക വനിതാ വികസന പദ്ധതികൾക്കായി എല്ലാവർഷവും നീക്കിവെക്കുന്നു. അതുപോലെ വയോജനങ്ങൾ, കുട്ടികൾ ഭിന്നശേഷിക്കാർ, സ്വാന്തന പരിപാടി എന്നിവക്കായി ഒട്ടാകെ 10% ത്തിൽ കുറയാത്ത തൂക നീക്കിവെക്കേണ്ടതുണ്ട്. വനിതകൾക്കായി തൊഴിൽ പരിശീലനങ്ങൾ, വ്യായാമ കേന്ദ്രങ്ങൾ, തൊഴിൽ സംരംഭങ്ങൾക്കുള്ള ധനസഹായം എന്നിവ ലഭ്യമാക്കാൻ കഴിഞ്ഞകാലങ്ങളിൽ സാധ്യമായിട്ടുണ്ട് ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് 1998 മെയ് 17ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീ സംവിധാനം ആരംഭിച്ചു. സ്ത്രീ ശാക്തികരണത്തിനും വരുമാനദായക സംരംഭകത്തിനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വിജയകരമായി നടത്തിവരുന്നു. സാമ്പത്തികമായ ഉന്നമനം ലഭ്യമാക്കി ഒട്ടേറെ തൊഴിൽ സംരംഭങ്ങൾ സ്ത്രീകൾക്കായി സൃഷ്ടിക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടുണ്ട്. പത്ത് കോഫി ബങ്കുകൾ, പച്ചക്കറിയൂണിറ്റുകൾ, കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ എന്നിവസ്ഥാപിക്കുകയുണ്ടായി. പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ കാന്റീൻ, ഹൗസ് ക്ലീനിങ്, ഹോം നേഴ്സിങ് സംവിധാനം ഉൾപ്പെടെ സ്ത്രീകൾക്കായി നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയുണ്ടായി.

നഗരസഭയിൽ 68 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. ജനകീയആസൂത്രണ പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പ് നൂറിൽ താഴെ മാത്രം കുട്ടികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ആയിരത്തിലേറെ കുട്ടികൾ അങ്കണവാടികളിൽ എത്തിച്ചേരുന്നു.

അങ്കണവാടി കുട്ടികൾക്ക് പുറമേ ഗർഭിണികൾക്ക് കൂടി പോഷകാഹാര വിതരണം നൽകിവരുന്നു. അങ്കണവാടി കുട്ടികളുടെ മാനസികവും, ശാരീരികവുമായ വളർച്ച സാധ്യമാക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വയോജനങ്ങളുടെ സംരക്ഷണത്തിനായി സൗജന്യ ചികിത്സയും സൗജന്യ മരുന്ന് വിതരണവും 22 കേന്ദ്രങ്ങളിലായി വയോമിത്രം പദ്ധതിയിലൂടെ നടത്തിവരുന്നു നിലവിൽ 1500 ലേറെ വയോജനങ്ങൾ ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നു. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ഭിന്നശേഷിക്കാർക്ക് സൗകര്യത്തിനായി മുചക്രവാഹനം തുടങ്ങി ഭിന്നശേഷിക്കാർക്ക് ആവശ്യമായ പദ്ധതികൾ നഗരസഭ പ്രാവർത്തികമാക്കി വരുന്നു നഗരസഭയിൽ അപേക്ഷ നൽകിയ അർഹരായ മുഴുവൻ പേർക്കും ക്ഷേമ പെൻഷൻ അനുവദിച്ചു നൽകി.

ആരോഗ്യം

1996-97 ഒമ്പതാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്ന ഘട്ടത്തിൽ കേവലം മൂന്ന് അസിസ്റ്റന്റ് സർജൻ ഒരു ശിശുരോഗ വിദഗ്ധൻ ഒരു ഗൈനക്കോളജിസ്റ്റ് എന്നിവർ മാത്രം പ്രവർത്തിച്ചിരുന്ന പയ്യന്നൂർ ഗവ: ആശുപത്രി പിന്നീട് താലൂക്ക് ആശുപത്രിയായി ഉയർത്തി. ഓർത്തോ, ഇ.എൻ.ടി. ,ദന്തരോഗം, സൈക്യാട്രി തുടങ്ങി വിവിധ സ്പെഷ്യാലിറ്റി വിഭാഗം കൂടി പ്രവർത്തനമാരംഭിക്കുകയുണ്ടായി.

തുടർന്ന് വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള

സൗകര്യങ്ങൾ.ആധുനിക സൗകര്യങ്ങളോടുകൂടിയ ശീതികരിച്ച കുട്ടികളുടെ വാർഡ്, ലഹരി വിമുക്ത കേന്ദ്രം, ബുദ്ധിവികാസം കുറഞ്ഞ കുട്ടികൾക്കുള്ള പ്രത്യേക ക്ലീനിക്ക്, സ്കാനിങ് ഉൾപ്പെടെ ലബോറട്ടറി പരിശോധനകൾക്ക് ആവശ്യമായ സംവിധാനങ്ങൾ എന്നിവ പ്രവർത്തിച്ചു വരുന്നു. 56.31 കോടി രൂപ ചെലവിൽ നിർമ്മിച്ച ബഹുനില കെട്ടിടം കഴിഞ്ഞ വർഷം ഉദ്ഘാടനം ചെയ്ത് പ്രവർത്തനസജ്ജമായി. പ്രതിദിനം ആയിരത്തിലധികംപേർ താലൂക്ക് ആശുപത്രിയുടെ സേവനം ഉപയോഗിച്ചുവരുന്നു.

വാടക കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങളോടെ 1959 തൊട്ട് പ്രവർത്തിച്ചിരുന്ന ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് നിലവിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട്. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കി വരുന്നു. ആയുർവ്വേദ ആശുപത്രിയിൽ നിർമ്മിച്ച പേവാർഡിന്റെ പ്രവർത്തനം ഈവർഷംതോട്ട് ആരംഭിച്ചു കഴിഞ്ഞു. പേവാർഡിന്റെ സൗകര്യം രോഗികൾ ഉപയോഗപ്പെടുത്തി വരുന്നു. ഗവർമെന്റ് ആയൂർവേദ ആശുപത്രിക്കായി ഒരു കോടി അറുപത് ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന പുതിയകെട്ടിടത്തിന്റെ ടെന്റർ നടപടികൾ ആരംഭിച്ചു.

കാനായിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കി നൽകി. ഹോമിയോ ആശുപത്രി പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ആശുപത്രിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ച് നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മാനസികവും, ശാരീരികവുമായ പ്രശ്നങ്ങൾ കുറക്കുന്നതിന് യോഗാ പരിശീലനവും നടത്തി വരുന്നു.

ശുചിത്വം, മാലിന്യ സംസ്കരണം

തുടക്കത്തിൽ മാലിന്യ നിർമാർജന സംസ്കരണ പ്രവർത്തനങ്ങൾ സജീവമല്ലാതിരുന്ന നമ്മുടെ നഗരസഭ മാലിന്യ സംസ്കരണ രംഗത്ത് ജില്ലയിൽ തന്നെ ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന നഗരസഭയായി മാറിയിരിക്കുന്നു. ശൗചാലയങ്ങൾ ഇല്ലാത്ത ഒറ്റ വീടും നിലവിൽ നഗരസഭക്കകത്ത് ഇല്ല . ബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, ബൊക്കാഷി ബക്കറ്റ് തുങ്ങിയ ജൈവമാലിന്യ സംസ്കരണ ഉപാധികൾ നഗരസഭ 86.68% വീടുകളിൽ ലഭ്യമാക്കി. 95.6% വീടുകളിൽ നിന്നും ഹരിത കർമ്മ സേന മുഖേന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വരുന്നു. പൊതുസ്ഥലങ്ങളിലെ മാലിന്യനിക്ഷേപം തടയാൻ ജാഗരൂഗരായി നാം പ്രവർത്തിക്കുന്നു. എം.സി.എഫ്, മിനി എം.സി.എഫുകൾ, ബോട്ടിൽ ബൂത്തുകൾ എന്നിവ ആവശ്യത്തിനു നിർമ്മിച്ചു വാർഡുകളിൽ സ്ഥാപിക്കുകയുണ്ടായി. പെരുമ്പത്തോട്, കനിയംകുളം തോട്, കല്ലടത്തോട് എന്നീ തോടുകളിലെ മാലിന്യങ്ങൾ പൂർണമായും നീക്കം ചെയ്തു നീരൊഴുക്ക് സുഗമമാക്കി. വില്ലേജുകൾ കേന്ദ്രീകരിച്ച് എം.സി.എഫുകൾ വിപുലപ്പെടുത്തേണ്ടതുണ്ട്. നഗരസഭക്കകത്തെ ശ്മശാനങ്ങളുടെ നവീകരണം പദ്ധതി പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കിയിട്ടുണ്ട്. ആധുനിക വാതക ശ്മശാനം പൊതുജനങ്ങൾ ഉപയോഗിക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ വാർഡ് സഭകളിലൂടെ നടത്തേണ്ടതുണ്ട്.

വിദ്യാഭ്യാസം, കല, സംസ്കാരം, കായികം

ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ഘട്ടത്തിൽ നഗരസഭയ്ക്കകത്തു 12 എൽ. പി സ്കൂൾ, 8 യു.പി സ്കൂൾ, 7 ഹൈസ്കൂൾ എന്നിങ്ങനെ 27 സ്കൂളുകൾ, പയ്യന്നൂർ ബോയ്സ് ഹൈസ്കൂളിൽ വൊക്കേഷണൽ സെക്കൻഡറി വിഭാഗം എന്നിവ പ്രവർത്തിച്ചുവരുന്നു. തുടർന്ന് ആറ് ഹൈസ്കൂളുകളിലും ഹയർ സെക്കൻഡറി വിഭാഗം ആരംഭിച്ചു.

ആവശ്യമായ ക്ലാസ് മുറികൾ, ലൈബ്രറികൾ, ലാബുകൾ മറ്റു പശ്ചാത്തല സൗകര്യങ്ങൾ എന്നിവയുടെ അഭാവം ആദ്യകാലത്ത് പഠനനിലവാരം മെച്ചപ്പെടാതിരിക്കാൻ കാരണമായിട്ടുണ്ട്. ജനകീയാസൂത്രണ പ്രവർത്തനങ്ങളിലൂടെ 14-ാം പഞ്ചവത്സര പദ്ധതി തൊട്ടു നടപ്പിലാക്കിയ വിദ്യാകിരണം മിഷന്റെ പ്രവർത്തനങ്ങളിലൂടെ ആവശ്യമായ കെട്ടിടങ്ങൾ, ലബോറട്ടറികൾ, മറ്റു ഭൗതിക സാഹചര്യങ്ങൾ എന്നിവ ഒരുക്കി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ശൗചാലയങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ എന്നിവ എല്ലാ സ്കൂളുകളിലും ഒരുക്കിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. ഡിജിറ്റലൈസേഷന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ എന്നിവ മുഴുവൻ സർക്കാർ സ്കൂളുകൾക്കും വാങ്ങി നൽകിയിട്ടുണ്ട്. എല്ലാ ക്ലാസ് മുറികൾ, ഭക്ഷണശാലകൾ എന്നിവ മുഴുവൻ സർക്കാർ സ്കൂളുകളിലും നിർമ്മിച്ചു.

ഹയർസെക്കൻഡറി സ്കൂളുകൾക്ക് ഓഡിറ്റോറിയങ്ങൾ നിർമ്മിച്ചു നൽകി. വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന മണിയറ ജി.എൽ.പി സ്കൂൾ, പയ്യന്നൂർ ജി.എൽ.പി സ്കൂൾ എന്നിവക്ക് ആവശ്യമായ സ്ഥലവും കെട്ടിടങ്ങളും മറ്റു പശ്ചാത്തല സൗകര്യങ്ങളും ഒരുക്കി നൽകി. ജി.എം.എൽ.പി സ്കൂൾ വെള്ളൂർ കെട്ടിടനിർമ്മാണത്തിന് ആവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു.

പഠനനിലവാരം മെച്ചപ്പെട്ട രീതിയിലാക്കാൻ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലൂടെ സാധിച്ചു. എസ് എസ് എൽസി, പ്ലസ് ടൂ വിഭാഗങ്ങളിൽ പൊതുപരീക്ഷകളിൽ സമ്പൂർണ്ണ വിജയം കൈവരിക്കാൻ സാധിച്ചത് അഭിമാനാർഹമായ നേട്ടമാണ്. കായികരംഗത്ത് കാര്യമായി ഇടപെടലുകൾ ഒന്നും ഇല്ലാതിരുന്ന പഴയ കാലത്തിൽ നിന്നും കായികരംഗത്തെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തിവരുന്നു. കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സജീവമാക്കുന്നതിനും പര്യാപ്തമായ വിധം കായിക പരിശീലനങ്ങളും മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നു. സൗകര്യപ്രദമായ രീതിയിൽ സ്കൂൾ കളിസ്ഥലങ്ങൾ നവീകരിക്കേണ്ടതുണ്ട്. പയ്യന്നൂരിന്റെ സാംസ്കാരിക പാരമ്പര്യം അടയാളപ്പെടുത്തിക്കൊണ്ട് സാംസ്കാരിക രംഗത്ത് ഉണർവ് ഉണ്ടാക്കുന്നതിനും പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടത്തിയ പയ്യന്നൂർ സാഹിത്യോത്സവം പോലുള്ള സാഹിത്യോത്സവങ്ങൾ തുടർന്നും സംഘടിപ്പിക്കേണ്ടതുണ്ട്.

കുടിവെള്ളം

കാനായി, മണിയറ, മുത്തത്തി, കാപ്പാട്, പെരുമ്പ പുഴയുടെ സമീപ പ്രദേശങ്ങൾ, കണ്ടങ്ങാളി, പുഞ്ചക്കാട്, കവ്വായി എന്നിവിടങ്ങൾ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതിക്കായി നടപ്പിലാക്കിയ ചപ്പാരപ്പടവ് കുടിവെള്ള പദ്ധതി അതിന്റെ ലക്ഷ്യത്തിലെത്തിയിരിക്കുകയാണ്. നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള അമൃത് പദ്ധതി വഴിയുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു.

പാർപ്പിടം

ജനകീയാസൂത്രണ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് ആയിരത്തിലേറെ പേർ ഭവനരഹിതരായി നഗരസഭക്കകത്ത് ഉണ്ടായിരുന്നു. ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച് ഘട്ടംതൊട്ട് വ്യത്യസ്ത സ്കീമുകളിലായി നൂറുകണക്കിന് വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നാഗരസഭ നൽകി വന്നിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി തൊട്ട് പി. എം. എ. വൈ. /ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വിടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് വെക്കാനുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനകം ലൈഫ്/പി.എം.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 731 വീടുകൾ പൂർത്തികരിച്ചിട്ടുണ്ട്.

പട്ടികജാതി വികസനം

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമായ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലൂടെ ഒട്ടേറെ നടപടികൾ കൈക്കൊള്ളുകയുണ്ടായി. വാസയോഗ്യമായ വീടുകൾ കുടിവെള്ള സംവിധാനം ശുചിത്വ സംവിധാനം എന്നിവ ഒരുക്കി നൽകുകയുണ്ടായി. വിവാഹ ധനസാഹയങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ, വിപുലപ്പെടുത്തുന്നതിനായി വായനാമുറി, ആധുനിക പഠന സൗകര്യാർത്ഥം ലാപ്ടോപ്പ്, ഉന്നത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നിവ നൽകി പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞു. പട്ടികജാതി കുടുംബങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി. പട്ടികജാതിക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് രൂപീകരിച്ചു നടപ്പിലാക്കി വരുന്ന ജൈവ ഗ്രാമപദ്ധതി നഗരസഭയുടെ മാതൃകാപരമായ സംരംഭമാണ്. ജൈവഗ്രാമം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തികരിച്ച് വൈവിദ്ധ്യവർക്കരിക്കേണ്ടതുണ്ട്. സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളിലെല്ലാം പിന്നിൽ നിന്നിരുന്ന പട്ടികജാതി വിഭാഗത്തെ അക്ഷരാർത്ഥത്തിൽ സമൂഹത്തിന് മുഖ്യധാരയിലേക്ക് തുടർന്നുള്ള പദ്ധതി പ്രവർത്തനങ്ങളിലൂടെ ഉയർത്തി കൊണ്ടുവരേണ്ടതുണ്ട്.

പൊതുമരാമത്ത്

1996-97 വർഷത്തിൽ 53 ടാർ റോഡുകളും 77 ചരൽ റോഡുകളും നഗരസഭയിൽ ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ മുഴുവൻ റോഡുകളും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുകയും കാലാകാലങ്ങളിൽ റീ ടാറിങ് ചെയ്ത് സംരക്ഷിച്ചു വരികയും ചെയ്യുന്നു. പിന്നീട് നഗരസഭാ പ്രദേശത്ത് ഒട്ടനവധി റോഡുകൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്തു. പയ്യന്നൂരിന്റെ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ഇട റോഡുകളും, ബൈപ്പാസ് റോഡുകളും പുതുതായി നിർമ്മിക്കുവാനും പരാതി ഇല്ലാത്ത വിധം പരിപാലിക്കാനും സാധിച്ചിട്ടുണ്ട്. 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബൈപാസ് റോഡ് ഇതിനകം മെക്കാർഡം ചെയ്ത് ഗതാഗതം യോഗ്യമാക്കിയിട്ടുണ്ട്. ആവശ്യമായ ഡ്രൈനേജുകൾ നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. പയ്യന്നൂർ നഗരത്തിലും മറ്റു പ്രദേശങ്ങളിലും ഹൈമാസ്റ്റ്, മിനി ഹൈമാസ്റ്റ് ലാമ്പും സ്ഥാപിക്കുകയുണ്ടായി. സമഗ്രമായ ഒരു നഗരാസൂത്രണ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ഭാവി വികസനം കുടി കണ്ടുകൊണ്ടുള്ള റോഡ് കണക്റ്റീവിറ്റി പ്രവർത്തനങ്ങൾ ഏറ്റെടുക്കോണ്ടതുണ്ട്.

ടൂറിസം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് പൂർത്തീകരിച്ച കാപ്പാട് ടൂറിസം പദ്ധതി, കവ്വായി പ്രദേശത്ത് ബോട്ട് ടെർമിനൽ ഉൾപ്പെടെയുള്ള പദ്ധതികൾ ടൂറിസം ഭൂപടത്തിൽ പയ്യന്നൂരിനെ അടയാളപ്പെടുത്തുന്ന മികവാർന്ന പ്രവർത്തനങ്ങളാണ്. മീൻകുഴി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടന്നു കഴിഞ്ഞു. വരും വർഷങ്ങളിൽ പ്രത്യക്ഷവും, പരോക്ഷവുമായ തൊഴിൽ സാധ്യതകൾ പരിഗണിച്ച് കൂടുതൽ ടൂറിസം പദ്ധതികൾ, ടൂറിസം സർക്യൂട്ട് എന്നിവ ഏറ്റെടുക്കേണ്ടതുണ്ട്.

അദ്ധ്യായം 2
2025-26 വാർഷിക പദ്ധതി അവലോകനം

പദ്ധതി അവലോകനം

പയ്യന്നൂർ നഗരസഭയുടെ സുസ്ഥിര വികസനമാണ് നാം പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. നവ കേരള നിർമ്മിതി എന്ന ലക്ഷ്യം മുൻനിർത്തിയാണ് പതിനാലാം പഞ്ചവത്സരപദ്ധതി നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി പയ്യന്നൂർ നഗരസഭയുടെ 2025-26 വർഷത്തെ പദ്ധതി പ്രവർത്തങ്ങൾ അതിന്റെ അന്തിമ ഘട്ടത്തിലാണ്. കേരളത്തിലെ വികസിനത്തിന് ഗതിവേഗം കൂടുക എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തിലുധകം വിധം വികസന ക്ഷേമ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

പൊതുഭരണം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സേവനങ്ങൾ സമയബന്ധിതമായും സുതാര്യമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപ കൽപ്പന ചെയ്ത KSMART സോഫ്റ്റ് വെയർ മുഖാന്തരമാണ് പയ്യന്നൂർ നഗരസഭയുടെ സേവനങ്ങൾ നിലവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് . KSMART പൊതുജനങ്ങൾക്ക് പരിചയപ്പെടുത്താനും അപേക്ഷകൾ സമർപ്പിക്കുന്നതിനുമായി നഗരസഭാ ഹെല്പ് ഡസ്ക് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

ഉത്പാദന മേഖല

കൃഷി

2025-26 വർഷത്തെ പ്രോജക്ട്റ്റുകളിലായി കാർഷിക മേഖലയ്ക്ക് 1 കോടി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് സബ്സീഡി നൽകൽ, തെങ്ങ് കൃഷിക്ക് ജൈവ വളം വിതരണം, പയർ വർഗ കൃഷി വിത്ത് വിതരണം, പച്ചക്കറി വിത്ത് വിതരണം, പച്ചക്കറി കൃഷി വികസനം, അംഗൻവാടികളിൽ മൺ ചട്ടികളിൽ പച്ചക്കറി തൈ വിതരണം എന്നി പദ്ധതികൾ നിർവഹണം പൂർത്തീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം അവസാനത്തോടെ കാർഷിക മേഖലയിലെ മുഴുവൻ പദ്ധതികളും പൂർത്തികരിക്കാൻ സാധിക്കും.

മൃഗസംരക്ഷണം

മൃഗസംരക്ഷണ മേഖലയിൽ ക്ഷീരകർഷകർക്ക് പാല് ഉത്പാദന ബോണസ്, കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സീഡി മുട്ടക്കോഴി വളർത്തൽ പദ്ധതി, അംഗൻവാടി കുട്ടികൾക്ക് കുഞ്ഞുകൈകളിൽ കുഞ്ഞു കോഴി, വെറ്ററിനറി ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്നിങ്ങനെയുള്ള പദ്ധതികളിലൂടെ ഒരു കോടിയോളം രൂപ വകയിരുത്തി നിർവഹണം പൂർത്തികരിച്ച വരുന്നു.

മത്സ്യ ബന്ധനം

മത്സ്യ ബന്ധന മേഖലയിൽ കല്ലുമ്മക്കായി കൃഷി, ഉൾനാടൻ തൊഴിലാളികൾക്ക് ഐസ് ബോക്സ് വിതരണം, ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന വല, മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് മേശ, കസേര, മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് എന്നീ പദ്ധതികൾക്കായി ഏകദേശം 9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സേവന മേഖല

ആരോഗ്യം

ആരോഗ്യ മേഖലയിൽ നഗരസഭയുടെ മേൽനോട്ടത്തിൽ നിരവധി പദ്ധതികൾ രൂപീകരിച്ചു ആയതിന്റെ നിർവഹണം വരികയാണ്. ആരോഗ്യ മേഖലയ്ക്കായി ഏകദേശം 3 കോടി രൂപയിൽ ആധികം വകയിരുത്തുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്. ആയുവേദ രംഗത്ത് മരുന്ന് വാങ്ങുന്നതിനും റീ എജെന്റ് വാങ്ങുന്നതിനും ആയുർവേദ ആശുപത്രിയുടെ ദൈനംദിന ചെലവ് തുടങ്ങിയ പദ്ധതികൾ രൂപീകരിച്ചു നടപ്പിലാകി വരുന്നു.

അലോപ്പതി രംഗത്ത് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു. ആരോഗ്യ രംഗത്ത് മുൻപ് എങ്ങും ഇല്ലാത്ത വികസന നേട്ടങ്ങളാണ് നമുക്ക് ബഹു സർക്കാരിന്റെ സഹായത്തോടെ കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. താഴെപറയുന്ന പദ്ധതികളുടെ നിർവഹണം അതിന്റെ അന്തിമ ഘട്ടത്തിലാണ്.

1. നഗര ഉപ ആരോഗ്യ കേന്ദ്രത്തിൽ വെൽനെസ് പ്രവർത്തനങ്ങൾ
2. നഗര ഉപ ആരോഗ്യ കേന്ദ്രത്തിൽ പരിശോധന സൗകര്യം ഏർപ്പെടുത്തൽ
3. നഗര ഉപ കേന്ദ്രത്തിന്റെ പ്രവർത്തന ചെലവുകൾ
4. ഗവ. താലൂക്ക് ആശുപത്രിയിൽ മരുന്ന് വാങ്ങൽ
5. ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തന ചെലവുകൾ
6. താലൂക്ക് ആശുപത്രിയിലെ എസ്ഡിപിക്ക് എം.ഡി.എഫ്. സ്ഥാപിക്കൽ
7. താലൂക്ക് ആശുപത്രിയിലെ കിടപ്പുരോഗികൾക്ക് പോഷകാഹാരം
8. ക്യാൻസർ നിയന്ത്രണ പരിപാടികൾ
9. ലഹരി വിരുദ്ധ ക്യാമ്പയിൻ പ്രവർത്തനങ്ങൾ
10. സമഗ്ര ആരോഗ്യ ജാഗ്രത പരിപാടി
11. ലാബിലേക്ക് റീ ഏജന്റ് വാങ്ങാൻ
12. സാന്ത്വന പരിചരണ പരിപാടി

മേൽ പദ്ധതികൾ സാമ്പത്തിക വർഷം അവസാനം മുഴുവനായും പൂർത്തീകരിച്ച് രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാൻ സാധിക്കും. താലൂക്ക് ആശുപത്രിയിലെ സ്പെഷാലിറ്റി ക്ലിനിക്കുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

ശുചിത്വം മാലിന്യ സംസ്കരണം

കേരള സർക്കാറിന്റെ നവകേരളം പദ്ധതിയുടെ ഭാഗമായി ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക മാലിന്യം ശേഖരിച്ച് പുനഃ ചക്രമണത്തിന് വിധേയമാക്കി സൗകര്യങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് നഗരസഭ മാലിന്യം സംസ്കരണം മേഖലയിൽ പദ്ധതിയിൽ തയ്യാറാക്കിയിട്ടുള്ളത്.

ആയതിനാൽ 2025- 26 വർഷം 5 കോടിയിലധികം രൂപ വകയിരുത്തുവാൻ സാധിച്ചു. റിങ്ങ് കമ്പോസ്റ്റ് വിതരണം വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ, മാലിന്യ ശേഖരണത്തിന് ഇ-കാർഡ്, ബയോ ഇ-ടോയ്ലറ്റ് സ്ഥാപിക്കൽ, കണ്ടെയ്നർ എം. സി. എഫ് വാങ്ങൽ. ഇ-സ്കൂട്ടർ വാങ്ങൽ പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ, ഹരിത കർമ്മ സേനയ്ക്ക് ബിസിനസ് ഡെവലപ്മെന്റ് പദ്ധതി ശുചീകരണ സമഗ്ര സാമഗ്രികൾ വാങ്ങാൻ വിവിധ സിവേജ് ട്രീറ്റ്മെന്റ് പ്ലാൻ സ്ഥാപിക്കൽ, പൂന്തോട്ടം നിർമ്മാണം തുടങ്ങിയ പദ്ധതികളുടെ നിർവഹണവും പുരോഗമിച്ച വരുന്നു.

അജൈവമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ അതായത് അജൈവമാലിന്യ ശേഖരണവും സംസ്ക്കരണവും ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി

നടപ്പിലാക്കി വരുന്നുണ്ട്. പൊതു ഇടങ്ങളിലെ അജൈവമാലിന്യ സംസ്കരണം, വീടുകളിലെ എന്നിവയിൽ 90% ഫല സിദ്ധി നേടി കഴിഞ്ഞിരിക്കുന്നു. ശക്തമായ നിയമ നടപടികളിലൂടെ ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കാൻ നമുക്ക് കഴിയും.

സാമൂഹ്യനീതി വനിതാ വികസനം

മേൽമേഖലയിൽ നിരവധി പദ്ധതികൾക്കായി 3 കോടിയോളം രൂപ വകയിരുത്തി പദ്ധതികൾ രൂപീകരിച്ച് നിർവഹണം നടത്തിവരുന്നു.

അംഗനവാടി പോഷകാഹാര വിതരണം, ഭിന്നശേഷി സ്കോളർഷിപ്പ് , ഭിന്നശേഷി കലാ മേളയ്ക്ക് നഗരസഭാ വിഹിതം നൽകൽ, വയോജന സംഗമം ,വയോജനങ്ങൾക്ക് പ്രോട്ടീൻ മിക ്സ്, വയോജനങ്ങൾക്ക് കട്ടിൽ, അംഗനവാടികൾക്ക് വെയിംഗ് മെഷീൻ, അംഗൻവാടികൾക്ക് സ്റ്റെയർലെസ് ഗ്യാസ് സ്റ്റൗ, ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം, അംഗനവാടികളുടെ ദൈനംദിന ചെലവുകൾ തുടങ്ങിയ പദ്ധതികൾ സാമൂഹ്യനീതി മേഖലയിലും വനിതാ വ്യായാമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ ഉപകരണങ്ങൾ വാങ്ങൽ, കുടുംബശ്രീ കോഫി ബങ്ക്, കിയോസ് സ്ഥാപിക്കൽ, വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങിയ പദ്ധതികൾ വനിതാ വികസന മേഖലയിലും നടപ്പിലാക്കി വരുന്നു. പാർപ്പിട മേഖലയ്ക്കായി പി. എം. എ. വൈ. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ പദ്ധതികൾ ത്വരിത ഗതിയിൽ നടപ്പിലാക്കി വരുന്നു. കൂടാതെ അർഹതപ്പെട്ട ഗുണഭോക്താക്കളെ ഗ്രാമസഭാ മുഖാന്തരം തെരഞ്ഞെടുത്ത് വീട് റിപ്പയർ അനുകൂലം വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു

കുടിവെള്ളം

പയ്യന്നൂർ നഗരസഭാ പരിധിയിലെ വിവിധ വാർഡുകളിലായി കുളങ്ങൾ നവീകരിച്ച് ജല സംരക്ഷണം നടപ്പിലാക്കി. നഗരാസഭ പരിധിയിൽ കടിവെള്ള പ്രശനം പരിഹരിക്കുന്നതിന് ആരംഭിച്ച ബൃഹത് പദ്ധതിയുടെ തുടർച്ചയായി അമൃത് പദ്ധതിയിലൂടെയും പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തങ്ങളും നടന്നു വരുന്നു. 2000 ത്തിൽ അധികം കണക്ഷന് പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇതിനകം നൽകിയിട്ടുണ്ട്. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാകുക എന്ന ലക്ഷ്യത്തോടെ കൂടുതൽ കണക്ഷന് നൽകുന്നതിനും മുൻഗണന നൽകി വരുന്നു.

ദാരിദ്ര്യലഘൂകരണം

പയ്യന്നൂർ നഗരസഭയിൽ അതിദാരിദ്ര്യ സർവേയുടെ ഭാഗമായി ഉണ്ടായിരുന്ന 57 ഗുണഭോക്താക്കളിൽ നിലവിൽ 38 പേരാണുള്ളത്. അതിദാരിദ്ര്യ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റ് നൽകൽ അതിദാരിദ്ര്യ ഗുണഭോക്താക്കൾക്ക് ചികിത്സാ സഹായം, അതിദാരിദ്ര്യർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ, അതിദാരിദ്ര്യ നിർമ്മാർജ ലക്ഷ്യം കൈവരിക്കൽ എന്നീ പദ്ധതികളുടെ ഭാഗമായി 2025 മെയ് 28ന് പയ്യന്നൂർ നഗരസഭ അതിദാരിദ്ര്യ മുക്ത നഗരസഭയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. അവരെ തുടർന്നും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ രണ്ടാം ഘട്ടമെന്നനിലയിൽ ഏറ്റെടുക്കുന്നുണ്ട്.

പട്ടിക ജാതി വികസനം

മേൽ മേഖലയ്ക്കായി 2കോടി 58 ലക്ഷം രൂപ വകയിരുത്തിപദ്ധതികൾ നിർവഹണം നടത്തി വരുന്നു. പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, ബിരുദ ബിരുദാനന്തര പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യർത്ഥികൾക്ക് ലാപ്ടോപ്, വിവാഹ ധനസഹായം,

മിശ്ര വിവാഹിതർക്ക് ധനസഹായം, വിവിധ ശ്മശാനങ്ങളുടെ അറ്റകുറ്റപണി, എസ്.സി വീട് വാസയോഗ്യമാക്കൽ. എസ് സി നഗറുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ. വിവിധ നഗറുകളിലെ റോഡ്കളുടെയും നടപ്പതകളുടെയും നിർമ്മാണവും അറ്റകുറ്റപ്പണിയും കോറോം ജൈവഗ്രാമത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി പദ്ധതി നടപ്പിലാക്കി വരുന്നു.

വിദ്യാഭ്യാസം കല കായികം സംസ്കാരം

പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടായ മികവ് വർദ്ധിപ്പിക്കുക, വിദ്യാലയങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പഠനം നിലവാരം ഉയർത്തുക, എന്ന ലക്ഷ്യം മുൻനിർത്തിയാണ് പയ്യന്നൂർ നഗരസഭ വിദ്യാഭ്യാസ മേഖലയ്ക്ക് പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്.

വിദ്യാഭ്യാസം കലാകായിക മേഖലയ്ക്കായി ഏകദേശം ഒരു കോടി 25 ലക്ഷം രൂപ വകയിരുത്തി പദ്ധതികൾ രൂപീകരിച്ച നിർവഹണം പുരോഗമിച്ച വരുന്നു. അവയെല്ലാം നിർവഹണത്തിന്റെ അന്തിമഘട്ടത്തിലും ആണ്. പ്രൈമറി വിദ്യാലയങ്ങളിൽ പ്രഭാതഭക്ഷണം, സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ, പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി ക്ലബ്ബുകൾക്ക് കബഡി മാറ്റ്, ഗ്രന്ഥാലയങ്ങൾക്ക് ആനുകാലികങ്ങൾ, എസ്.എസ്.കെ. വിഹിതം കൈമാറൽ, വനിത കലാ-സാംസ്ക്കാരിക ഉത്സവം, പയ്യന്നൂർ സാഹിത്യോത്സവം സ്കൂൾ മാത്സ് ലാബിലേക്ക് കമ്പ്യൂട്ടർ, നഗരസഭ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത, ഗ്രന്ഥാലയങ്ങൾക്ക് ഫർണിച്ചർ എന്നീ പദ്ധതികളുമാണ് പൂർത്തീകരിച്ചു വരുന്നത്.

പശ്ചാത്തല മേഖല

വിവിധ വാർഡുകളിലെ റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഗതാഗത യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബൈപ്പാസ് റോഡ് നവീകരിച്ച് മെക്കാഡം ചെയ്തു ഗതാഗത യോഗ്യമാക്കി. പുതിയ ബസ് സ്റ്റാന്റ് നിർമ്മാണം, ഉരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തി തനതു ഫണ്ടിൽ നിന്നും 6 കോടി രൂപ വകയിരുത്തി നിർമ്മാണം പുരോഗമിച്ചു വരുന്നു.

ഉപസംഹാരം

1996 മുതൽ കേരളത്തിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സുപ്രധാന ലക്ഷ്യമായ വികസനം, അതിന്റെ ഗുണം എല്ലാവർക്കും ലഭിക്കുന്ന പദ്ധതികളാണ് പയ്യന്നൂർ നഗരസഭ വിഭാവനം ചെയ്തത് നടപ്പിലാക്കി വരുന്നത്. പ്രാദേശിക വികസന പദ്ധതികളിൽ സുസ്ഥിരവികസനം ലക്ഷ്യങ്ങളായ ദാരിദ്ര്യ ലഘൂകരണം, വിശപ്പ് രഹിത സമൂഹം ആരോഗ്യവും, ക്ഷേമവും ഗുണമേന്മയുള്ള വിദ്യാഭ്യാസം, ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം, ശുദ്ധവും ലാഭകരവുമായ ഊർജ്ജം, കാലാവസ്ഥ വ്യതിയാന പരിശോധന എന്നിവയൊക്കെ ഈ മാറുന്ന കാലത്ത് നഗരസഭയ്ക്ക് അഭിസംബോധന ചെയ്യേണ്ടതുണ്ട് . ആയതുകൂടി ഉൾക്കൊള്ളിച്ചുവേണം 2026-27 വാർഷിക പദ്ധതി നമുക്ക് തയ്യാറാക്കേണ്ടത് മേൽപ്പറഞ്ഞ കാര്യങ്ങളൊക്കെ മുൻനിർത്തിക്കൊണ്ട് വികസന സെമിനാറിൽ പങ്കെടുക്കുന്ന അംഗങ്ങൾ വിലപ്പെട്ട നിർദ്ദേശങ്ങൾ ഈ സെമിനാർ മുമ്പാകെ അവതരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആയതു പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നമുക്ക് 2026-27 വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കേണ്ടതുണ്ട്.

അദ്ധ്യായം III

ഭാഗം 1 :– പൊതുഭരണവും ധനകാര്യവും – അവസ്ഥാ വിശകലനം
ഫോറം 3 : പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

ക്രമ നം	പ്രശ്നങ്ങൾ	പ്രശ്ന ബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിന്റെ തീവ്രത (✓ചെയ്യുക)			പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കൽ			
							സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം			
			ലഘു	ഗുരുതരം	അതീവ ഗുരുതരം		ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ	മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ	സർക്കാർ തലത്തിൽ
1.	ഓഫീസിന്റെ അടിസ്ഥാന സൗകര്യമില്ലായ്മ	മുനിസിപ്പൽ ഓഫീസ്		✓		കെട്ടിട സൗകര്യമില്ല	കെട്ടിട നിർമ്മാണം			
2.	റിക്കാർഡ് റൂമിന്റെ സൗകര്യക്കുറവ്	,,	✓			ഭൗതിക സാഹചര്യമില്ല	ഭൗതിക സാഹചര്യം ഒരുക്കൽ			
3.	നഗരത്തിലെ വാഹന പാർക്കിങ്ങ് സൗകര്യങ്ങളുടെ അപര്യാപ്തത	പയ്യന്നൂർ പട്ടണം	✓			സ്ഥലപരിമിതി	പാർക്കിങ്ങ് സൗകര്യം ഒരുക്കൽ			

ഭാഗം 1 :-കൃഷിയും അനുബന്ധമേഖലകളും - അവസ്ഥാ വിശകലനം

ഫോറം 3 : പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

ക്രമനം	പ്രശ്നങ്ങൾ	പ്രശ്ന ബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിന്റെ തീവ്രത (✓ചെയ്യുക)			പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കൽ			
							സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം			
			ലഘു	ഗുരുതരം	അതീവ ഗുരുതരം		ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ	മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ	സർക്കാർ തലത്തിൽ
1	തൊഴിലാളി ക്ഷാമം	കാനായി, മണിയറ, കോറോം, വെള്ളൂർ, കണ്ടോത്ത്, കണ്ടങ്കാളി		✓		കൃഷിപ്പണി ചെയ്യുന്നതിനുള്ള താൽപര്യക്കുറവ്	തൊഴിലുറപ്പ് തൊഴിലാളികളെ കാർഷിക മേഖലയിലേക്ക് ഉപയോഗപ്പെടുത്താവുന്നതാണ്			
2	ജലസേചനം	കണ്ടങ്കാളി, പടോളി, മുതിയലം, കണ്ടോത്ത്, വെള്ളൂർ	✓			ജലദൗർലഭ്യം	നിലവിലുള്ള ജലസ്രോതസ്സുകൾ നവീകരിച്ച് കൃഷിക്ക് ഉപയുക്തമാക്കുക			
3	തരിശിടൽ	കണ്ടങ്കാളി, പടോളി, മുതിയലം, കണ്ടോത്ത്, വെള്ളൂർ	✓			നെൽകൃഷിയോടുള്ള താൽപര്യക്കുറവ്	ധനസഹായം നൽകുക			

ക്രമനം	പ്രശ്നങ്ങൾ	പ്രശ്ന ബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിന്റെ തീവ്രത (✓ചെയ്യുക)			പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കൽ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം			
			ലഘു	ഗുരുതരം	അതീവ ഗുരുതരം		ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ	കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ	മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ	സർക്കാർ തലത്തിൽ
1	**തെങ്ങ്** ഉദ്പാദന ക്ഷമത **നെല്ല്** തൊഴില്ളികളുടെ ക്ഷാമം ഉദ്പാദനോപാധികളുടെ വർദ്ധിച്ചു വരുന്ന ചെലവ് **പച്ചക്കറി** നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്	പയ്യന്നൂർ, വെള്ളൂർ, കോറോം	✓			**തെങ്ങ്** വളപ്രയോഗത്തിലുള്ള കുറവ് **നെല്ല്** കാർഷിക മേഖലയിലേക്ക് ആളുകൾ കടന്നു വരുന്നില്ല	**തെങ്ങ്** വളം വിതരണം **നെല്ല്** കൂലി ചെലവ് നൽകൽ **പച്ചക്കറി** നടീൽ വസ്തുക്കൾ ലഭ്യമാക്കൽ			

പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: പയ്യന്നൂർ നഗരസഭ **വർക്കിംഗ് ഗ്രൂപ്പ്: മൃഗസംരക്ഷണം**

ക്രമനം	മേഖല / ഉപമേഖല	പ്രശ്നങ്ങൾ	പ്രശ്നബാധിത പ്രദേശം / വിഭാഗം	പ്രശ്നത്തിന്റെ തീവ്രത			പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം			
				ലഘുതരം	ഗുരുതരം	അതീവ ഗുരുതരം		തദ്ദേശ ഭരണ സ്ഥാപന തലത്തിൽ	ഇതര തദ്ദേശ ഭരണ സ്ഥാപന തലത്തിൽ	സർക്കാർ തലത്തിൽ	സർക്കാരിതര തലത്തിൽ
1	മൃഗസംരക്ഷണ മേഖല	ഉദ്പാദന ചെലവ് കൂടുതൽ	ക്ഷീര മേഖല		✓		കാലിത്തീറ്റയുടെ വില വർദ്ധന	നിലവിലെ പദ്ധതികൾ		ഉദ്പാദന ബോണസ്, കാലിത്തീറ്റക്ക് സബ്സിഡി	
2	മൃഗസംരക്ഷണ മേഖല കോഴി വളർത്തൽ	നല്ലയിനം കോഴികളുടെ ദൗർലഭ്യം			✓		കോഴിക്കുഞ്ഞുങ്ങളുടെ വിതരണം				

പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

